# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6090 07.11.2016 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ

ചോദ്യം
**ശ്രീ.കെ.ബാബു**

മറുപടി
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് എത്ര പേർക്കാണ് കർഷക പെൻഷൻ കൊടുക്കുന്നതെന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

എ) 356663 കർഷകർക്കാണ് സംസ്ഥാനത്ത് കർഷക പെൻഷൻ കൊടുത്തുവരുന്നത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 12224 |
| കൊല്ലം | 24323 |
| ആലപ്പുഴ | 21681 |
| കോട്ടയം | 28232 |
| പത്തനംതിട്ട | 17583 |
| ഇടുക്കി | 14460 |
| എറണാകുളം | 25322 |
| തൃശ്ശൂർ | 31112 |
| പാലക്കാട് | 26792 |
| മലപ്പുറം | 30646 |
| കോഴിക്കോട് | 40708 |
| വയനാട് | 12461 |
| കണ്ണൂർ | 37846 |
| കാസർഗോഡ് | 33273 |
| ആകെ | 356663 |

ബി) നിലവിൽ കർഷക പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഉള്ളത് എന്നും, ആയത് എന്ന് കൊടുക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ബി) കുടിശ്ശികയുണ്ട്. കർഷ പെൻഷൻ ഇനത്തിൽ ഈ സർക്കാർ അധികാരത്തിലെത്തിയ ഉടൻതന്നെ 113.52 കോടി രൂപയും തുടർന്ന് ഓണക്കാലത്ത് 37.895 കോടി രൂപയും ചേർത്ത് മൊത്തം 151.415 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും 2016 ഫെബ്രുവരി മുതൽ നവംബർ വരെ (ജൂൺ ഒഴികെ) ഒൻപതു മാസത്തെ കുടിശ്ശികയും തിരുവനന്തപുരം ജില്ലയിൽ 2015 ഡിസംബർ മുതൽ 2016 നവംബർ വരെ (ജൂൺ ഒഴികെ)

പതിനൊന്നു മാസത്തെ കുടിശ്ശികയും നൽകാനുണ്ട്. അനർഹരായ വ്യക്തികളെ ഒഴിവാക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കിയ ശേഷം കുടിശ്ശിക പെൻഷൻ കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

S. [signature]

**സെക്ഷൻ ഓഫീസർ**